# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4594 — 04/02/14-ൽ മറുപടിക്ക്

## സപ്ലൈകോ മാനേജിംഗ് ഡയറക്ടറുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി :** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥ നല്ലാത്ത വ്യക്തിയെ സപ്ലൈകോ മാനേജിംഗ് ഡയറക്ടറായി നിയമിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ; | എ) സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനല്ലാത്ത വ്യക്തിയെ സർക്കാർ സപ്ലൈകോ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടില്ല. സപ്ലൈകോയുടെ ചെയർമാന്റെയും മാനേജിംഗ് ഡയറക്ടറുടെയും അധികചുമതല വഹിച്ചിരുന്ന സിവിൽ സപ്ലൈസ് കമ്മീഷണർ ഈ അധിക ചുമതല ഒഴിഞ്ഞപ്പോൾ കോർപ്പറേഷനിലെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥനായ ജനറൽ മാനേജർക്ക് താല്ക്കാലികമായി ചുമതല നൽകുകയായിരുന്നു. |
| ബി) ബോർഡ് അംഗമായ വ്യക്തിയെ മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി. ആയി നിയമിക്കാൻ പാടുള്ളൂ എന്ന ഉത്തരവ് നിലവിലുണ്ടോ ; | ബി) ഉണ്ട്. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് എത്ര പേർ നാളിതുവരെ സപ്ലൈകോ എം.ഡി.യായി സ്ഥാനം വഹിച്ചിട്ടുണ്ട്? | സി) ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് 9 പേർ സപ്ലൈകോ എം.ഡി.യായി സ്ഥാനം വഹിച്ചിട്ടുണ്ട്. ഇതിൽ 7 പേർ അധിക ചുമതല വഹിച്ചവരാണ്. |

Beena

സെക്ഷൻ ഓഫീസർ